(എഫ്) ബാക്കി പണികൾ റീടെണ്ടർ ചെയ്തപ്പോൾ ഏറ്റെടുത്ത കരാറുകാരനും ഭാഗികമായി മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിനാൽ ടി കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവർ പണി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ വീണ്ടും ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരനെ ഏൽപ്പിക്കേണ്ടിവന്നാൽ പണി പൂർത്തീകരിക്കുവാൻ ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും കൂടി വേണ്ടിവരും.

ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ

192 (4478) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ പൂർത്തിയാക്കാനുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആയതു നിർവ്വഹിക്കുന്നുണ്ടോ എന്ന് നാളിതുവരെ ഏതെങ്കിലും അന്വേഷണമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ ;

(സി) ഓരോ പദ്ധതിയും ആരംഭിക്കുമ്പോൾ തന്നെ അവ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് കണക്കാക്കി ഒരു കൗണ്ട് ഡൗൺ സമ്പ്രദായം നടപ്പിലാക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിൽ ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പദ്ധതികളിൽ ജലസേചന വകുപ്പിൽ 17 പദ്ധതികളും കേരള വാട്ടർ അതോറിറ്റിയിൽ വിവിധ ഇനങ്ങളിലായി 267 പദ്ധതികളും പ്രോജക്ട്-I-ന് കീഴിൽ 3 പദ്ധതികളും പ്രോജക്ട്-II-ന് കീഴിൽ 5 പദ്ധതികളും കുട്ടനാട് പാക്കേജിലെ 7 പദ്ധതികളും ഭൂജല വകുപ്പിന്റെ കീഴിൽ വർൾച്ചാ ദുരിതാശ്വാസ പദ്ധതിയും ലോകബാങ്ക് സഹായത്തോടെ അഞ്ച് വർഷംകൊണ്ട് (2012-2017) 1022 കോടി രൂപ അടങ്കലിൽ നടക്കുന്ന ജലനിധി പദ്ധതിയും പൂർത്തീകരിച്ചുവരുന്നു.

(ബി) പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കൂടാതെ പദ്ധതികളുടെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. അവയുടെ റിപ്പോർട്ട് മോണിറ്ററിംഗ് വിഭാഗം ക്രോഡീകരിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ (സി.പി.എം.യു.) വെബ്സൈറ്റിലും

LIBRARY ARCHIVES Kerala Legislative Assembly

പ്ലാൻ സ്പേസ് എന്ന വെബ്സൈറ്റിലും രേഖപ്പെടുത്താറുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ സർക്കിൾ ഡിവിഷൻ ഓഫീസുകളെ ഏകോപിപ്പിച്ചുകൊണ്ട് മാസംതോറും വീഡിയോ കോൺഫറൻസ് നടത്തി പുരോഗതികൾ വിലയിരുത്തുകയും ചെയ്യുന്നു.

ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതികൾ, 6 മാസം കൂടുമ്പോൾ ലോകബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും യോഗങ്ങൾ വിളിച്ചുചേർത്ത് അവലോകനം ചെയ്യുകയും ചെയ്യാറുണ്ട്. സർക്കാർ തലത്തിലും പദ്ധതി അവലോകന യോഗങ്ങൾ ചേരാറുണ്ട്.

(സി) പദ്ധതികളുടെ എഗ്രിമെന്റിൽ അത് പൂർത്തിയാക്കേണ്ട കാലാവധി രേഖപ്പെടുത്താറുണ്ട്. കൂടാതെ ഓരോ കാലയളവിലും കൈവരിക്കേണ്ട പുരോഗതി രേഖപ്പെടുത്തുകയും കൈവരിച്ച പുരോഗതി പ്രതിമാസം അവലോകനം ചെയ്യുകയും ചെയ്യാറുണ്ട്.

എഗ്രിമെന്റിന്റെ ഭാഗമായി കരാറുകാർ സമയക്രമം പാലിച്ചുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കുന്നുണ്ടോ എന്നുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്.

പൈപ്പ് പൊട്ടലുകൾ പരിഹരിക്കാൻ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

193 (4479) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോവർഷവും ജലവിഭവ വകുപ്പ് സംസ്ഥാനത്ത് ഓരോ ജില്ലകളിലും പൈപ്പ് പൊട്ടലുകൾ കണ്ടെത്തി പ്രവർത്തനക്ഷമമാക്കാൻ വേണ്ട സാമഗ്രികൾ, അതിനായുള്ള പ്രവർത്തനച്ചെലവ് എന്നിവയ്ക്കായി എന്ത് തുക ചെലവാക്കി; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഓരോ വർഷവും നടത്തിയ വൻകിട കരാറുകാർ ആരെല്ലാം; അവർക്ക് നൽകാനുള്ള തുക എത്ര; നാളിതുവരെ എന്ത് തുക നൽകി; ജില്ലതിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലവിഭവ വകുപ്പ് ജലവിതരണ പ്രവർത്തനങ്ങൾക്കായി മോട്ടോറുകൾ, പൈപ്പുകൾ ഉൾപ്പെടെ എന്തെല്ലാം സാമഗ്രികൾ എന്ത് തുകയ്ക്ക് വാങ്ങിയിട്ടുണ്ട്; ഏത് കമ്പനികളിൽ നിന്നും; അവർക്ക് എന്ത് തുക നൽകി; എന്ത് തുക നൽകുവാനുണ്ട്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly